# വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

**08-09-2020**

## അടിസ്ഥാന പാഠാവലി-X

## അമ്മത്തൊട്ടിൽ - 4

- മുൻ ക്ലാസിൽ പറഞ്ഞ ആശയങ്ങളും തുടർപ്രവർത്തനവും ഓർമ്മപ്പെടുത്തി.
- കവിതയിലെ അവസാന ഖണ്ഡിക ചൊല്ലിയവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

■ ഏറെത്തണുക്കുന്നു ,ചില്ലുയർത്തീടുമ്പോളോർത്തു

..................................................

കണ്ണുകളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം .

- വല്ലാതെ തണുപ്പു തോന്നിയപ്പോൾ മകൻ കാറിന്റെ ചില്ലുകൾ ഉയർത്താൻ ശ്രമിക്കുകയാണ്..
- ആ സമയത്ത് മകനിൽ അമ്മയുടെ മറ്റു ചില ഓർമ്മകൾ കൂടി കടന്നുവരുന്നു.
- കുട്ടിക്കാലത്ത് അമ്മയുടെ വയറ്റത്ത് പറ്റിക്കിടന്നപ്പോൾ ലഭിച്ച അമ്മയുടെ ശരീരത്തിന്റെ ചൂട്, വിയർപ്പും കാച്ചെണ്ണയുടെ മണവും കലർന്ന അമ്മയുടെ ഗന്ധം, തണുപ്പകറ്റാൻ രാവിലെ കത്തിച്ച ഓലക്കൊടികളുടെ മണം ........
- ആ ഓർമ്മയിലും മകന് അമ്മയെ ഉപേക്ഷിക്കാതിരിക്കാൻ ആവുന്നില്ല. ഉപേക്ഷിക്കാതെ ചെന്നാൽ ഭാര്യയുടെ കുറ്റപ്പെടുത്തൽ ഇന്നും കേൾക്കേണ്ടിവരുമെന്ന് അയാൾ ഓർക്കുന്നു.
- ഇതിന് മുമ്പും അമ്മയെ ഉപേക്ഷിക്കാൻ ശ്രമമുണ്ടായതിനേയോ , എപ്പോഴും കുറ്റപ്പെടുത്തലുകൾ നടത്തുന്ന ഒരു ഭാര്യാഭർത്തൃ ബന്ധത്തെയോ ആകാം ഇവിടെ സൂചിപ്പിക്കുന്നത്.
- മകൻ തിരിഞ്ഞ് നോക്കുമ്പോൾ , പിറകിലെ സീറ്റിൽ അമ്മ പൂർണ്ണമായും വലത്തോട്ട് ചാഞ്ഞ് മയങ്ങിക്കിടക്കുകയാണ്.
- അമ്മയുടെ കണ്ണുകൾ തുറന്നു വെച്ചിരിക്കുകയായിരുന്നു.

- സൂചനകൾ അമ്മയുടെ മരണത്തെ സാധൂകരിക്കുന്നു.
- മരണത്തിൽ കണ്ണുകൾ തുറന്ന് കിടക്കുന്നത് ആഗ്രഹങ്ങൾ പൂർത്തിയാകാത്തതിന്റെ ലക്ഷണമത്രേ. ആഗ്രഹങ്ങൾ പൂർത്തിയാക്കാതെ അമ്മയെ മരണത്തിലേക്ക് പറഞ്ഞയച്ചവൻ എന്ന് ആളുകൾ തന്നെ കുറ്റപ്പെടുത്തുമോ എന്ന് മകൻ ഭയപ്പെടുന്നു.
- മറ്റൊരർത്ഥത്തിൽ തുറന്നു പിടിച്ച ആ കണ്ണുകൾ മകനോടുള്ള കരുതലിന്റേതാണ് . മരണത്തിലും ആ അമ്മ മകന് വേണ്ടി കരുതലോടെ കൺമിഴിച്ചിരിക്കുന്നു.
- ഒപ്പം ആ കണ്ണുകൾ ഇന്നത്തെ സൂഹത്തിന് നേരെയുള്ള തുറന്നു പിടിച്ച കണ്ണുകൾ കൂടിയാകണം. വൃദ്ധജനങ്ങളെ തെരുവിലുപേക്ഷിക്കുന്ന പുതിയ കാലത്തിന് നേരെ തുറന്ന് പിടിച്ച കണ്ണുകൾ.
- പിൻസീറ്റ് - എന്ന പ്രയോഗവും സവിശേഷാർത്ഥത്തിലുള്ളതാണ്.

ജീവിത്തിന്റെ പിൻസീറ്റ് കൂടിയാണത്.ജീവിതത്തിന്റെ - പുറമ്പോക്കിലേക്ക് തള്ളപ്പെടുന്ന ജീവിതമാണല്ലോ അമ്മയുടേതും.

------- - - - - - - - - - - - - - - - - - - - -

- കുറിപ്പുകാരന്റെ കൂട്ടിച്ചേർക്കൽ:
- ഓർമ്മയിലെ ഗന്ധ, സ്പർശ ബിംബങ്ങൾ :

◆ കവിതയിലെ മകന് അനുഭവപ്പെടുന്ന തണുപ്പ് കേവലം കാലാവസ്ഥയാൽ ശരീരത്തിൽ അനുഭവപ്പെടുന്ന കുളിരിന്റെ സ്പർശമായിരിക്കില്ല.

◆ സ്നേഹരാഹിത്യത്തിന്റെ കുറ്റബോധം കൊണ്ട് അയാളുടെ മനസ്സിൽ ഉണ്ടാകുന്ന മരവിപ്പാകണം.

◆ കമ്പിളി അമ്മയുടെ സ്നേഹത്തിന്റെ ചൂടുള്ള ഓർമ്മയാണ്.

◆ സങ്കടങ്ങളുടെ ഏത് തണുപ്പിൽ നിന്നും മകനെ സംരക്ഷിക്കുന്നത് അമ്മയുടെ സ്നേഹത്തിന്റെ ചൂടാണ്.

◆ അമ്മയെ കുറിച്ചുള്ള ഓർമ്മകൾ അമ്മയുടെ മണം കൂടിയാണ്. അമ്മ വയറ്റത്തെ ചൂട്ടും , വിയർപ്പും കാച്ചെണ്ണയും ചേർന്ന അമ്മയുടെ മണവും മകനിൽ അപ്പോഴും നിറഞ്ഞു

നിൽക്കുന്നു. തണുപ്പാറ്റാനോ , തനിക്കായ് ചൂടുവെള്ളമൊരുക്കാനോ കത്തിച്ച ഓലക്കൊടികളുടെ ഗന്ധവും കുട്ടിക്കാലത്തിന്റെ ഓർമകൾക്ക് ചൂട് പകരുന്നു.

- ◆ കുട്ടിക്കാലത്തിന്റെ സ്മൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്പർശം കൊണ്ടും ഗന്ധം കൊണ്ടും ആവാഹിച്ച അനുഭവങ്ങൾ.

-------------------------------------------

- ➢ വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും അവരോട് നന്നായി പെരുമാറേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്തുന്നതാണ് 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ സന്ദേശം എന്ന് ഉണർത്തി.
- ➢ നഷ്ടപ്പെട്ട മാനവികയിലേക്കുള്ള തിരിച്ച് പോക്കാണ് കവിത ലക്ഷ്യമിടുന്നത് എന്ന് വിലയിരുത്തിക്കൊണ്ട് കവിതയുടെ സമകാലിക പ്രസക്തി ചൂണ്ടിക്കാട്ടി.
- ➢ 'അമ്മത്തൊട്ടിൽ' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കി.

■ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി 2007 മുതൽ സർക്കാർ നടപ്പിലാക്കിയ പുനരധിവാസ പദ്ധതിയാണ് 'അമ്മത്തൊട്ടിൽ'.

- ■ എന്നാൽ ഇന്ന് അമ്മമാരാണ് ഉപേക്ഷിക്കപ്പെടുന്നത്. അമ്മമാർക്ക് ഒരഭയകേന്ദ്രം വേണ്ടി വന്നിരിക്കുന്നു.
- ■ അമ്മത്തൊട്ടിൽ എന്ന വാക്ക് അക്ഷരാർത്ഥത്തിൽ ഇപ്പോഴാണ് ശരിയാകുന്നത്.
- ■ കുഞ്ഞിനുള്ള തൊട്ടിൽ അമ്മയ്ക്കായി മാറുന്നതിലെ വൈരുദ്ധ്യമാണ് തലവാചകത്തെ അർത്ഥപൂർണ്ണമാക്കുന്നത്.
- ➢ പ്രമേയം കൊണ്ട് അമ്മത്തൊട്ടിലിനോട് ചേർത്ത് വായിക്കാവുന്ന രചനകൾ പരിചയപ്പെടുത്തി.
- ➢ അങ്ങേ വീട്ടിലേക്ക് - ഇടശ്ശേരി ഗോവിന്ദൻ നായർ
- ➢ വൃദ്ധസദനം - ടി വി കൊച്ചുബാവ
- ➢ അമ്മയുടെ എഴുത്തുകൾ - മധുസൂദനൻ നായർ
- ➢ അമ്മ, കോലാട്, നെയ്പ്പായസം - മാധവിക്കുട്ടി .
- ➢ അമ്മയുടെ കൈപ്പട - പ്രഭാവർമ്മ

- അമ്മ - വൈക്കം മുഹമ്മദ് ബഷീർ
- കുട്ടികൾ തുടർന്ന് ചെയ്യേണ്ട കാര്യങ്ങൾ ഓർമ്മപ്പെടുത്തി -

- കവിത നന്നായി വായിക്കുക
- കവിതയ്ക്ക് അനുയോജ്യമായ ഈണങ്ങൾ കണ്ടെത്തുക
- കവിതയുടെ ആശയം സംഗ്രഹിക്കുക.
- സവിശേഷ പ്രയോഗങ്ങൾ തിരിച്ചറിഞ്ഞ് ഔചിത്യം മനസ്സിലാക്കുക.
- തുടർപ്രവർത്തനങ്ങൾ കൃത്യമായി ചെയ്തു തീർക്കുക.
- കവിത പൂർണ്ണമായി ഒരിക്കൽ കൂടി ചൊല്ലിക്കേൾപ്പിച്ചു.

**തുടർപ്രവർത്തനം**

1. അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര മകന്റെ മുൻകാല

ജീവിതാനുഭവങ്ങളിലേക്കുള്ള യാത്രകൂടിയാണ്.

ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണ കുറിപ്പ് തയ്യാറാക്കുക.

തയ്യാറാക്കിയത് : നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം